# പള്ളികഥകൾ

## മിനികഥകൾ പതിനൊന്ന്

ജോയിക്കുട്ടി,

ഇപ്രാവശ്യം നേരായിട്ട് നടന്ന കഥയാണെന്ന് പറഞ്ഞായിരുന്നു തുടക്കം. എല്ലായ്പ്പോഴും അച്ചൻ അങ്ങിനെയാണല്ലോ പറയാറുള്ളതെന്നു സൂചിപ്പിച്ചപ്പോൾ ഇതങ്ങിനെയല്ല തീർച്ചയായും നടന്ന കാര്യമാണെന്നായി.

"ആമ്മീൻ, ആമ്മീൻ ഇത് ഒരു സംഭവകഥയായി തീർച്ചയായും ഞാൻ വിശ്വസിക്കുന്നു എന്ന് ഞാൻ പറഞ്ഞപ്പോൾ നമ്മുടെ ജോസഫ് അച്ചന് വളരെ സന്തോഷമായ്.

അച്ചന് കഥ പറയാനുള്ള ആവേശവും പ്രോത്സാഹനവുമായി കഴിഞ്ഞു. ഇനിയും ഇടതടവില്ലാതെ പറഞ്ഞുകൊണ്ടിരിക്കും. അതാണ് സാധാരണ പതിവ്:

## ശവപ്പെട്ടി

ഇത് ജമേക്കാ എന്ന രാജ്യത്ത് നടന്ന കാര്യമാണ്. ഈ സ്ഥലത്തിന്റെ പ്രത്യേകത നമ്മുടെ മലയാള നാട്ടിൽ കിട്ടുന്ന എല്ലാ വിഭവങ്ങളും, ചക്ക, മാങ്ങാ, തേങ്ങാ, കപ്പ, ചേന, ചേമ്പ് കാച്ചിൽ എന്നു വേണ്ട എല്ലാവിധ പച്ചകറി സാധനങ്ങളും അവിടെ സുലഭമാണ്. ഞാൻ നേരിൽ അവിടെ പോയി കണ്ടിട്ടുള്ളതാണ്. അവിടെ മുഴുവനും കറുത്ത വർഗ്ഗക്കാരെയാണ് ഞാൻ കണ്ടത്. പക്ഷേ, അവർ എല്ലാം വളരെ നല്ലവരും മര്യാദക്കാരുമാണെന്നാണ് എന്റെ അറിവ്. കൂടാതെ വളരെ സാധുക്കളായിട്ടുള്ളവരുമാണ്. അമേരിക്കയിലേക്ക് ഇപ്പറഞ്ഞ പച്ചക്കറി സാധനങ്ങളെല്ലാം സുലഭമായി എത്തിച്ചു കൊടുക്കുന്നത് ചാരത്തുള്ള ഇവിടെ നിന്നുമാണ്. ഇവർ അദ്ധ്വാനിച്ചുണ്ടാക്കുന്ന പച്ചക്കറി, പഴവർഗ്ഗങ്ങളെല്ലാം അമേരിക്കയിൽ എത്തിച്ച് അവിടെ നിന്നും കിട്ടുന്ന വരുമാനം കൊണ്ടാണ് ഇവർ ഉപജീവനം കഴിക്കുന്നതെന്നാണ് എന്റെ ധാരണ.

ഇവരുടെ ഒരു കുഗ്രാമത്തിൽ ഒരു മരണം ഉണ്ടായാൽ അടുത്തുള്ള പട്ടണത്തിൽ നിന്നും ശവപ്പെട്ടി വാങ്ങിക്കൊണ്ടു വന്നു മാത്രമേ അടക്കം നടക്കാറുള്ളു. തീരെ കുറഞ്ഞത് രണ്ടു മണിക്കൂറെങ്കിലും യാത്ര ചെയ്താൽ മാത്രമേ ഏറ്റവും അടുത്തുള്ള പട്ടണത്തിൽ പോയി ആയത് വാങ്ങാൻ സാധിക്കത്തുള്ളു.

ഇവിടെ സാധാരണ ക്രിസ്ത്യാനികളാണ് അധികമായിട്ടുള്ളത്. അപൂർവ്വം മുസ്ലീമങ്ങളും ഉണ്ട്. എന്നാൽ ചിലയിടങ്ങളിൽ കൂട്ടം കൂട്ടമായി മുസ്ലീമങ്ങൾ ഉണ്ട്.

ഇവരുടെ ശവമടക്കം നമ്മുടെ നാട്ടിലെ തമിഴ് സ്ഥലങ്ങളിലേതുപോലെയാണ്. സദ്യയും പാട്ടും ഡാൻസും മേളവും എല്ലാമായി ആണ് അവർ നടത്തുന്നതെന്നാണ് പറഞ്ഞു് അറിവുള്ളത്. നമ്മുടെ കൂട്ടത്തിലെ ഒരാള് സ്വർഗ്ഗത്തിലേക്ക് യാത്ര ചെയ്യുമ്പോൾ വളരെ മാന്യമായിട്ടു വേണ്ടേ അവരെ യാത്രയാക്കേണ്ടതെന്നാണ് അവരുടെ ഭാഷ്യം. ഒരിക്കൽ നമ്മളും ഇതുപോലെ സ്വർഗ്ഗത്തിലേക്ക് ചെല്ലുമ്പോൾ ഇവരും നമ്മളെ മാന്യമായി സ്വീകരിക്കേണ്ടതല്ലേ! അവരുടെ ഇത്തരം ചോദ്യങ്ങൾ വളരെ ശരിയാണെന്ന് തീർച്ചയായും നമ്മൾ അറിയാതെ സമ്മതിച്ചു പോകും. നമ്മുടെ നാട്ടിലേതുപോലെ ഒരാൾ മരിച്ചാൽ കരച്ചിലും നിലവിളിയും യാതൊരു കാരണവശാലും അവിടെ ഇല്ല.

ജോസഫ് അച്ചൻ പറയുന്നതും നമ്മൾ ജനിച്ചാൽ തീർച്ചയായും ഒരു ദിവസം മരിക്കും. ഈ ഭൂമിയിൽ ജനിച്ചവർ എല്ലാം തന്നെ ഒരിക്കൽ തീർച്ചയായും മരിക്കും. മരിക്കാതെ ആക്കെങ്കിലും സ്വർഗ്ഗത്തിൽ കടക്കാൻ സാധിക്കുമോ. അപ്പോൾ നമ്മളിൽ ഒരാൾ സ്വർഗ്ഗത്തിൽ പോകുന്നതിന് നമ്മൾ കരയുകയോ മറ്റോ ചെയ്യുന്നതെന്തിനാണ്. അത് ഏതു പ്രായക്കാരായാലെന്താണ്. എത്രയും പെട്ടന്ന് സ്വർഗ്ഗത്തിൽ പോകാമോ അത്രയും പെട്ടന്ന് പോകുന്നത് നല്ലതല്ലയോ? നമ്മൾ ജനിക്കുന്നത് തന്നെ മരണം പ്രാപിച്ച് സ്വർഗ്ഗത്തിൽ പോകുന്നതിന് വേണ്ടിയല്ലേ!

മരണം എന്നതു തന്നെ മൃഗങ്ങളായാൽ ചത്തു എന്നാണല്ലൊ പറയാറുള്ളത്. സാധാരണ മനുഷ്യൻ മരിച്ചാൽ മരിച്ചു എന്നോ, ക്രിസ്ത്യാനിയാണെങ്കിൽ സ്വർഗ്ഗയാത്ര ചെയ്തു എന്നും മെത്രാന്മാരാണെങ്കിൽ കാലം ചെയ്തു എന്നും രാജാക്കന്മാരാണെങ്കിൽ നാടുനീങ്ങിയെന്നും, വേറെ ചിലരെ തീപ്പെട്ടു എന്നും ഇങ്ങിനെ പലവിധത്തിലാണല്ലോ പറയുന്നത്.

ഇങ്ങിനെ സാധാരണ ശവപ്പെട്ടി വാങ്ങികൊണ്ടു വരുന്നത് 'പിക്കപ്പ്ട്രക്കി' ലായിരിക്കും. നമ്മുടെ കേരളത്തിൽ ഈ വാഹനം ഉണ്ടെന്ന് തോന്നുന്നില്ല. ഇതിന്റെ പ്രത്യേകത ഈ വാഹനത്തിന്റെ മുൻപിൽ ഡ്രൈവർ ഇരിക്കുന്നതിന്റെ അടുത്ത് രണ്ടോ മൂന്നോ പേക്ക് മാത്രമേ ഇരിക്കാൻ സാധിക്കയുള്ളു. ബാക്കി പുറകിലുള്ള ഭാഗത്ത് സാധനങ്ങൾ വയ്ക്കാനാണ് സാധാരണ ഉപയോഗിക്കായുള്ളത്.

ശവപ്പെട്ടി വാങ്ങാൻ പോകുമ്പോഴും ഡ്രൈവറെ കൂടാതെ വീട്ടിലെ രണ്ടു പേർ കൂടെ കാണും. അവരായിരിക്കും പണമിടപാടു കാര്യങ്ങൾ കൈകാര്യം ചെയ്യാറുള്ളത്. അതിൽ കൂടുതൽ ആളുകൾ ഉണ്ടെങ്കിൽ പുറകിൽ തുറസായ് കിടക്കുന്നിടത്ത് സാധനങ്ങൾ വെച്ചിരിക്കുന്നതിന്റെ അടുത്തെവിടെയെങ്കിലുമായിരിക്കും ഇരിക്കാറുള്ളത്.

ഇതുപോലെ ഒരു ശവപ്പെട്ടി വാങ്ങി മടങ്ങി വരുമ്പോൾ വഴിയിൽ ഒരാൾ നിന്ന് വണ്ടിക്ക് കൈകാണിച്ചു. ഗ്രാമപ്രദേശത്ത് നിന്ന് ദൂരെയെവിടെയെങ്കിലും വഴി യാത്ര ചെയ്യുന്നവർ ഇങ്ങിനെ വഴിയിൽ കാണുന്ന ഏതു വണ്ടിക്കും കൈ കാണിക്കും. ആ വണ്ടി പോകുന്ന വഴിയിൽ എവിടെയെങ്കിലും പോകേണ്ടവരായിരിക്കും. ആരു കൈകാണിച്ചാലും ഡ്രൈവർ വണ്ടി നിർത്തി അവരെ കൂടെ കൊണ്ടു പോകും. ആ വഴി യാത്രക്കാരന്റെ സ്ഥാനത്ത് താനായാൽ എന്തായിരിക്കും എന്ന ചിന്തയാണ് അവരെ ഇങ്ങിനെ ചെയ്യാൻ പ്രേരിപ്പിക്കുന്നത്. കൂടാതെ അവർ വളരെ നല്ലവരുമാണ്.

അയാളെ കയറ്റി വണ്ടി മുൻപോട്ടു പോയപ്പോൾ മഴ പെയ്യാൻ തുടങ്ങുന്നതു കണ്ട് ആ പുറകിൽ കയറിയ ആൾ ഒഴിഞ്ഞു കിടന്ന ശവപ്പെട്ടിക്കകത്ത് കയറി പെട്ടിയുടെ മൂടികൊണ്ടടച്ചു കിടന്നു. വെളിയിലെ ചാറ്റൽ മഴയും തണുപ്പും കാരണം അയൾ ഒരു ചെറു ഉറക്കം പിടിച്ചു. വണ്ടി പിന്നേയും മുൻപോട്ടു പോയപ്പോൾ വേറേയും ചിലർ ഇതുപോലെ ആ വണ്ടിയുടെ പുറകിൽ ശവപ്പെട്ടിയുടെ അടുക്കൽ ഇരിപ്പായി. അവർ സിഗററ്റും വലിച്ച് തമാശകളും പറഞ്ഞ് യാത്ര തുടന്നു. മഴ നനയാതിരിക്കാരിക്കാനായി അവരെല്ലാം തലയിൽ തുണിയും ഇട്ടിട്ടുണ്ടായിരുന്നു.

കുറച്ചു ദൂരം ചെന്നപ്പോൾ അവർ കാണുന്നത് അവരുടെ അടുത്തുള്ള ശവപ്പെട്ടിയുടെ മൂടി തുറന്ന് ആ മനുഷ്യൻ 'മഴ തീന്നോ' എന്നു ചോദിക്കുന്നതാണ്. അവർ പെട്ടന്ന് ധരിച്ചത് ആ പെട്ടിയിലെ ശവം എഴുന്നേറ്റ് ചോദിക്കുന്നതു പോലെയാണ്. 'അയ്യോ എന്നു പറഞ്ഞ് കുറച്ചു പേർ അന്നേരം തന്നെ ബോധം കെട്ട് വീണ് ആ വണ്ടിയ്ക്കകത്തു തന്നെ മരിച്ചു വീണു. ബാക്കിയുള്ളവർ ഓടിക്കൊണ്ടിരിക്കുന്ന വണ്ടിയിൽ നിന്നും വെളിയിലേക്ക് ചാടി വീണ് മരിച്ചു.